(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികളെടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനെ സംബന്ധിച്ച് പുരാവസ്തു വകുപ്പ് ഡയറക്ടരുടെ റിപ്പോർട്ട് കിട്ടിയശേഷം യുക്തമായ തീരുമാനം എടുക്കുന്നതാണ്.

വെള്ളൂർ റയിൽവേ പാലത്തോടുചേർന്ന് ഒരു നടപ്പാലം

1603. [2389] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളൂർ റയിൽവേ പാലത്തോടുചേർന്ന് ഒരു നടപ്പാലം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇതുവരെ പണി ആരംഭിക്കാത്തതിന്റെ കാരണം അറിയുമോ ;

(സി) ഈ നടപ്പാലത്തിന്റെ പണി എന്ന് ആരംഭിക്കും ?

ഉത്തരം

(എ) ഉണ്ട്.

(ബി) യും (സി) യും വെള്ളൂർ റയിൽവേ പാലത്തോടുചേർന്ന് ഒരു നടപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ മുഴുവൻ തുകയും സംസ്ഥാന സർക്കാർ റയിൽവേയിൽ നിക്ഷേപിച്ചുകഴിഞ്ഞു. റയിൽവേ അധികൃതരാണ് പണി നടത്തേണ്ടത്. അതിനാൽ പണി എന്നത്തേക്ക് ആരംഭിക്കും എന്ന് പറയുവാൻ നിർവ്വാഹമില്ല.

എരുവശ്ശേരി, നെടിയങ്ങ, വെള്ളാട്, നടുവിൽ വില്ലേജുകളിലെ കുരുമുളക് കൃഷി

1604. [2390] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1983-ലെ വരൾച്ചയുടെ ഫലമായി കണ്ണൂർ ജില്ലയിൽ എരുവശ്ശേരി, നെടിയങ്ങ, വെള്ളാട്, നടുവിൽ വില്ലേജുകളിൽ സാധുപദ്ധതി പ്രകാരമുള്ള കുരുമുളകു കൃഷി പൂർണ്ണമായി നശിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ വില്ലേജുകളിൽ ഉണ്ടായ കൃഷി നാശത്തിന്റെ വിശദമായ കണക്കുകൾ കൃഷിവകുപ്പിൽ നിന്നും ശേഖരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത വില്ലേജുകളിൽ ഓരോ വില്ലേജിലും മൊത്തം എത്ര രൂപയുടെ നാശനഷ്ടം സാധു കുരുമുളകു കൃഷിക്കാർക്ക് ഉണ്ടായതായി കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംഭവം നടന്ന് വളരെക്കാലം കഴിഞ്ഞ് ഒരു സർവേ നടത്തിയാണ് വിവരം ശേഖരിച്ചത്. (പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധി നിയമം അന്ന് നിലവിലില്ലായിരുന്നു).

(സി) 42 84 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly